**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3651** **02-03-2023 - ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന റൂട്ടിൽ സർവീസ് നടത്തുന്ന കേരള ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് - മംഗലാപുരം അന്തർസംസ്ഥാന റൂട്ടിൽ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. (കേരള) ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് നിലവിൽ കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥി കൺസഷൻ അനുവദിച്ചുവരുന്നത്. അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം അനുവദിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ കൂടുതൽ സൗജന്യ സേവനങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.<br><br>എന്നാൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ രീതിയിൽ കാസർഗോഡ് - മംഗലാപുരം റൂട്ടിൽ സൗജന്യ നിരക്കിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പാക്കുന്നതിന് പദ്ധതി പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് നിലവിൽ കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥി കൺസഷൻ അനുവദിച്ചുവരുന്നത്. അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം അനുവദിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ കൂടുതൽ സൗജന്യ സേവനങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.<br><br>എന്നാൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ രീതിയിൽ കാസർഗോഡ് - മംഗലാപുരം റൂട്ടിൽ |

| | | | |
|---|---|---|---|
| | | | സൗജന്യ നിരക്കിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പാക്കുന്നതിന് പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ